## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2128 05.12.2018-ൽ മറുപടിക്ക്**

## ഐ.എസ്.ആർ.ഒ. ചാരക്കേസ്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഐ.എസ്.ആർ.ഒ. ചാരക്കേസ്സുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് കോടതി എന്തെങ്കിലും വിധി പ്രസ്താവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ശ്രീ നമ്പി നാരായണൻ ഫയൽ ചെയ്ത CIVIL APPEAL NOS. 6637-6638 of 2018 എന്ന കേസിൽ ബഹു സുപ്രീം കോടതി 14.09.2018 തീയതിയിൽ അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ.ചാരക്കേസ്സുമായി ബന്ധപ്പെട്ട് ശ്രീ നമ്പി നാരായണന് 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാനും, ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഗൂഡാലോചനയിലെ പങ്ക് അന്വേഷിക്കുന്നതിനായി മുൻ സുപ്രീം കോടതി ജഡ്ജ് ഡി കെ ജയിൻ അധ്യക്ഷനായി മൂന്നംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്, ഈ സമിതിയിലെ അംഗങ്ങൾ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നിയമിക്കുന്ന ഓഫീസർമാരാകണമെന്നും വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വിധി പ്രകാരമുള്ള തുക ഡോ.നമ്പി നാരായണന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) 01.10.2018 തീയതിയിലെ സ.ഉ(എം എസ്) നം. 152/2018/ആഭ്യന്തരം നമ്പർ പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |

(സി) ഐ.എസ്.ആർ.ഒ. കേസ്സിൽ സി.ബി.ഐ.കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ നടപടി എടുക്കുന്ന വിഷയത്തിൽ മുൻ സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) സി.ബി.ഐ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയൊന്നും തന്നെ എടുക്കുവാൻ കഴിയില്ലായെന്നായിരുന്നു മുൻ സർക്കാരിന്റെ നിലപാട്.

(ഡി) പ്രസ്തുത വിഷയത്തിലെ പുതുക്കിയ കോടതി വിധി പ്രകാരം എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;വിശദാംശങ്ങൾ അറിയിക്കാമോ?

(ഡി) ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ഗൂഢാലോചന പങ്ക് അന്വേഷിക്കുവാൻ മുൻ സുപ്രീം കോടതി ജഡ്ജ് ഡി കെ ജയിൻ അധ്യക്ഷനായ മൂന്നംഗ സമിതിയിൽ സംസ്ഥാന സർക്കാർ പ്രതിനിധിയായി മുൻ അഡീഷണൽ ചീഫ് സെക്രട്ടറി വി.എസ് സെന്തിലിനെ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിലെ നിയമ സാധ്യത പരിശോധിക്കാൻ നിയമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**